**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4058** — **16.03.2017-ൽ മറുപടിയ്ക്ക്**

## നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വി.ടി.ബൽറാം | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) എല്ലാ ജില്ലാകളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി അനുസരിച്ച് ഇതിനകം എത്ര കേന്ദ്രങ്ങൾ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) എല്ലാ ജില്ലാകളിലും 40 കോടി വീതം ചിലവിൽ കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി 4 - 5 ഏക്കർ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലേയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ (KSFDC)നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ Request for Proposal(RFP) KIIFB അംഗീകരിച്ചിട്ടുണ്ട്. Kerala Infrastructure Investment Fund Board (KIIFB) മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് Detailed Project Report തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്ന ടെൻഡർ നടപടി പൂർത്തിയായി വരുന്നു. |
| (ബി) പ്രത്യേക നിക്ഷേപപദ്ധതിയിൽ നിന്നും ഇതിനായി എന്ത് തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ; | (ബി) എല്ലാ ജില്ലാകളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം കേരളത്തിൽ 14 ജില്ലകളിലും 40 കോടി വീതം ചിലവ് പ്രതീക്ഷിക്കുന്ന സാംസ്കാരിക സമുച്ചയ നിർമ്മാണം കിഫ്ബിയുടെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) ഈ പദ്ധതിക്കായി ഏതൊക്കെ ജില്ലകളിൽ സ്ഥലം ഏറ്റെടുക്കേണ്ടി വരും; അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) എല്ലാ ജില്ലാകേന്ദ്രങ്ങളിലും 4 - 5 ഏക്കർ സ്ഥലം ആവശ്യമായി വരും. കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥലം ലഭ്യമാണ് എന്ന് ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ചതിനെ തുടർന്ന് നിർദ്ദേശിച്ച സ്ഥലം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ കവടിയാറിലെ റവന്യൂ വകുപ്പിന്റെ ഭൂമി പരിഗണിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കൊല്ലം താലൂക്കിൽ ടൂറിസം വകുപ്പിന്റെ സ്ഥലം പരിഗണിക്കണമെന്ന് സ്ഥലം MLA അറിയിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ